**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 848** **17-09-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ ഏതൊക്കെ ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്നും ഇവ സ്ഥിതി ചെയ്യുന്നത് എത്ര സ്ഥലത്താണെന്നും ഇവയുടെ അധീനതയിൽ എത്ര സ്ഥലം ഉണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കൊറ്റംകുളങ്ങര ദേവസ്വം - 2 ഹെക്ടർ 50 സെന്റ് റോഡിന് കിഴക്ക് വശം, 60 സെന്റ് റോഡിന് പടിഞ്ഞാറ് വശം.<br><br>2. മഠത്തുംകര - ആകെ 95 സെന്റ്<br><br>3. മുല്ലയ്ക്കൽ - 4 ഏക്കർ 25 സെന്റ്<br><br>4. ചെറിയ കലവൂർ - 1 ഏക്കർ 54 സെന്റ്<br><br>5. വലിയ കലവൂർ - 3 ഏക്കർ 83 സെന്റ് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ക്ഷേത്രങ്ങളിൽ തീർത്ഥാടക ടൂറിസം പദ്ധതി പ്രകാരം എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കൊറ്റംകുളങ്ങര ദേവസ്വത്തിൽ ടൂറിസം പദ്ധതി പ്രകാരം തീർത്ഥാടകർക്കായി പിൽഗ്രിം സെന്റർ നിർമ്മിക്കുന്നതിനായി 1 കോടി രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റിൽ/ആസ്തിവികസനം വഴി പ്രസ്തുത ക്ഷേത്രങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അവയ്ക്കായി എൻ.ഒ.സി. നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ പകർപ്പ് അടക്കമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (സി) | വലിയ കലവൂർ ദേവസ്വത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രത്യേക വികസന നിധി പ്രകാരം 5,85,143/- രൂപ അനുവദിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതും ആയതിന് എൻ.ഒ.സി. നൽകിയിട്ടുള്ളതുമാണ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO 12673/25/M I

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
31.07.2025

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ
അമ്പലപ്പുഴ

വിഷയം: വലിയ കലവൂർ ദേവസ്വത്തിൽ ബഹു.എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലെറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

സൂചന : ദേവസ്വം ബോർഡ് ആഫീസിലെ 21.07.2025 ലെ ROC.7218/25/എം നമ്പർ ഉത്തരവ്

ആ ഗ്രൂപ്പിൽപ്പെട്ട വലിയ കലവൂർ ദേവസ്വത്തിൽ ബഹു.എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലെറ്റ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി ദേവസ്വത്തിലെ ഭാവി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെയും ടി ലൈറ്റിന്റെ ആവർത്തന ചെലവുകൾ നഗരസഭ / ടി പദ്ധതിയുടെ ചെലവിൽ നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിലും, ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും ബോർഡിൽ നിലനിർത്തികൊണ്ടും ഡിപ്പാർട്ട്മെന്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും ഒരു മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുള്ളതാകുന്നു. ആയത് സംബന്ധിച്ചുള്ള നിരാക്ഷേപപത്രം ഇതോടൊപ്പം ചേർത്തയച്ച് വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)
ദേവസ്വം കമ്മീഷണർക്ക് വേണ്ടി

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO 12673/25/M I

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
31.07.2025

---

നിരാക്ഷേപ പത്രം

---

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിന് കീഴിൽ വരുന്നതും, അമ്പലപ്പുഴ ഗ്രൂപ്പിൽപ്പെട്ട വലിയ കലവൂർ ദേവസ്വത്തിൽ ബഹു.എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലെറ്റ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി ദേവസ്വത്തിലെ ഭാവി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെയും ടി ലൈറ്റിന്റെ ആവർത്തന ചെലവുകൾ നഗരസഭ / ടി പദ്ധതിയുടെ ചെലവിൽ നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിലും, ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും ബോർഡിൽ നിലനിർത്തികൊണ്ടും ഡിപ്പാർട്ട്മെന്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും ഒരു മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് മറ്റ് ആക്ഷേപങ്ങൾ ഇല്ലായെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്തൻകോട്,തിരുവനന്തപുരം

31.07.2025

തിരുവനന്തപുരം